**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1287** **03-02-2026 - ൽ മറുപടിയ്ക്ക്**

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിന്റെ വീതി കൂട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ ഏനാമാവ് ഭാഗത്തെ വീതികുറഞ്ഞ ഭാഗം വീതി കൂട്ടുന്നതിനുവേണ്ടി 2014-15 വർഷത്തെ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 130 ലക്ഷം രൂപയും, 2024-25 വർഷത്തെ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും വീണ്ടും 50 ലക്ഷം രൂപയും അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തെങ്കിലും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ്ജ് അനുവദിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഇതുവരെ നടപ്പാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മേൽ പ്രൊപോസൽ പരിശോധിക്കുമ്പോൾ 19/12/2019 തീയതിയിലെ GO(Rt) No 9956/2019/Fin/TVM പ്രകാരം ടി പ്രവർത്തിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 52,50,000/-രൂപ ഉൾപ്പെടെ 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിന് പ്രത്യേക അനുമതി മാത്രമാണ് സർക്കാർ നൽകിയിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാനും, ഭരണാനുമതി ലഭിച്ചിട്ടില്ല എങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഡിവിഷൻ കാര്യാലയത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കണ്ടിജൻസി ചാർജ്ജ് അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി 27.01.2025-ലെ കത്ത് പ്രകാരം തൃശ്ശൂർ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ്)-ന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | മേൽ പ്രൊപോസൽ പരിശോധിക്കുമ്പോൾ 19/12/2019 തീയതിയിലെ GO(Rt) No 9956/2019/Fin/TVM പ്രകാരം ടി പ്രവർത്തിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 52,50,000/-രൂപ ഉൾപ്പെടെ 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിന് പ്രത്യേക അനുമതി മാത്രമാണ് സർക്കാർ നൽകിയിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാനും, ഭരണാനുമതി ലഭിച്ചിട്ടില്ല എങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഡിവിഷൻ കാര്യാലയത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കണ്ടിജൻസി ചാർജ്ജ് അടയ്ക്കുന്നതിനുള്ള അനുമതി ഇതിനോടകം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ എത്രയും വേഗം കണ്ടിജൻസി ചാർജ്ജ് അടയ്ക്കുന്നതിനുള്ള അനുമതി ലഭ്യമാക്കാൻ നടപടി എടുക്കുമോ ; | (സി) | 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായതിനു ശേഷം പുതുക്കിയ പ്രൊപോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കണ്ടിജൻസി ചാർജ്ജ് അടയ്ക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ എത്രയും വേഗം അനുമതി ലഭ്യമാക്കാൻ നിർദ്ദേശിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായതിനു ശേഷം പുതുക്കിയ പ്രൊപോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ